# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3394 22.08.2017 ൽ മറുപടിയ്ക്ക്

## സജീറിനെ പോലീസ് മർദ്ദിച്ച സംഭവം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോജി എം. ജോൺ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ.സജീറിനെ നേമം എസ്.ഐ.യും പോലീസുകാരും ചേർന്ന് ക്രൂരമായി മർദ്ദിച്ച സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ.സജീറിനെ നേമം എസ്.ഐയും പോലീസുകാരും ചേർന്ന് മർദ്ദിച്ച സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടർ ശ്രീ.സമ്പത്ത്, സിവിൽ പോലീസ് ഓഫീസർ റ്റി.1532 അജയകുമാർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതും കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളതുമാണ്. |
| (ബി) കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടത്; | | |
| (സി) ഇതുസംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

ആരംഭം

**POLICE** **KERALA** **DEPARTMENT**

**No. G4-46189/2017/TC**
City Police Office,
Thiruvananthapuram
cptvm.pol@kerala.gov.in
04712320579
Dated. 18-08-2017

From

ജില്ലാ പോലീസ് മേധാവി
തിരുവനന്തപുരം സിറ്റി

To

രജിസ്ട്രാർ
ബഹു : മനുഷ്യാവകാശ കമ്മീഷൻ
ടർബോ പ്ലസ് ടവർ, പി.എം.ജി ജംഗ്ഷൻ
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.

Sir,

Sub : ശ്രീ.സജീർ,നേമം ബഹു.മനുഷ്യാവകാശ കമ്മീഷന്റെ ഓഫീസ് മുഖേന സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

Ref : അങ്ങയുടെ ഓഫീസിൽ നിന്നും HRMP No. 5488/17/TVM നമ്പരായി 17/06/2017 ൽ ലഭിച്ച കത്ത്.

മേൽ വിഷയത്തിലേയ്ക്കും, സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന പ്രകാരം അയയ്ക്കുതന്ന പരാതിയും മറ്റ് അനുബന്ധ രേഖകളും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്, ഡിസ്ട്രിക് ക്രൈം റിക്കോർഡ്സ് ബ്യൂറോ , തിരുവനന്തപുരം സിറ്റിയി മുഖാന്തിരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. നേമം പോലീസ് സ്റ്റേഷനിൽ അക്രമം കാണിച്ച് പോലീസുകാരനെ ദേഹോപദ്രവം ഏൽപ്പിച്ച രാഷ്ട്രീയക്കാരനായ ഷജീറിനെ സ്റ്റേഷനിൽ നിർത്തിയിരിക്കുന്നത് ക്രമസമാധാന പ്രശ്നം ഉണ്ടാകുവാൻ ഇടയുള്ളതുകൊണ്ട് മേലുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ടിയാനെ തിരുവല്ലം പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകാൻ തീരുമാനിച്ചതായും , ആയതിനുവേണ്ടി ടിയാനെ ജീപ്പിൽ കയറ്റാൻ ശ്രമിച്ചപ്പോൾ ടിയാൻ ആയതിന് വിസമ്മതിച്ചതിനെ തുടർന്ന് ബലപ്രയോഗത്തിലൂടെ ജീപ്പിൽ കയറ്റി തിരുവല്ലം പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയിട്ടുള്ളതായും, ജീപ്പിൽ കയറ്റിയ സമയം ബലപ്രയോഗത്തിൽ വച്ചോ ടിയാൻറെ ശരീര ഭാഗങ്ങൾ ജീപ്പിൽ ഇടിച്ചതിൽ വച്ചോ ക്ഷതം സംഭവിക്കാൻ ഇടയായിട്ടുള്ളതാണെന്നും , സാഹചര്യം ഇത്തരത്തിലാണെങ്കിലും സ്റ്റേഷനിൽ വന്ന പൊതുപ്രവർത്തകനായ ഒരാളെ പ്രകോപിപ്പിക്കുന്ന രീതിയിലുള്ള പെരുമാറ്റത്തിനിടവരുത്തിയ നടപടി ശരിയല്ല എന്നുകണ്ട് SHO സമ്പത്തിനെയും, CPO അജയകുമാറിനെയും അന്വേഷണ വിധേയമായി തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി സസ്പെൻഡ് ചെയ്തിട്ടുള്ളതിനാൽ ടി പരാതിയിന്മേൽ തുടർ നടപടി ആവശ്യമില്ലാത്തതാണ് എന്നും പറഞ്ഞിരിക്കുന്ന അന്വേഷണ റിപ്പോർട്ടും, പരാതിയും മറ്റ് അനുബന്ധ രേഖകളും അറിവിനും, അനന്തരനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

Yours faithfully

**DESPATCHED**
D.
18/8/17

**Ramesh Kumar P N**
**Deputy Commissioner of Police**
For District Police Chief

സെക്ഷൻ ഓഫീസർ

G4-46189/2017/TC
810edc